കണ്ടതാണ്. ഇതെല്ലാം ബണ്ടുകളുടെ ഷട്ടറുകൾ തുരുമ്പിച്ച് തകർന്നിരിക്കുകയാണ്. ഭയാനകമായ സാഹചര്യമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഇതിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നുണ്ട്. കുട്ടനാട്ടിലെ കർഷകരുടെ ഉത്കണ്ഠ ഞാൻ മനസ്സിലാക്കുന്നു. ഈ വർഷം കഴിഞ്ഞ വർഷത്തെ അക്കിടിയുണ്ടാകാതിരിക്കാൻ വേണ്ടി ഗവൺമെന്റ് പരമാവധി ശ്രദ്ധിക്കും. എത്രയും വേഗത്തിൽ അവിടെയുള്ള ഷട്ടറുകൾ തോട്ടപ്പള്ളിയിലേയും തണ്ണീർമുക്കം ബണ്ടിന്റേയും പണി വേഗത്തിൽ തീർക്കാൻ ശ്രമിക്കാം. കൃഷിനാശം സംഭവിച്ച കർഷകർക്ക് ഗവൺമെന്റ് പ്രഖ്യാപിച്ച ആനുകൂല്യങ്ങളെല്ലാം നൽകും. നെൽകൃഷിക്കാർക്ക് കൃഷിനാശം സംഭവിച്ചാൽ ഏക്കറിന് 600 രൂപ വച്ച് കൊടുത്തിരുന്ന ധനസഹായം 1200 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കേരളം ഭരിച്ച ഒരു ഗവൺമെന്റും ചെയ്തിട്ടില്ലാത്ത കാര്യമാണ്. ഇത് കർഷകരോടുള്ള ഈ ഗവൺമെന്റിന്റെ ഐക്യദാർഢ്യത്തിന്റെ ലക്ഷണമാണ്. ഗവൺമെന്റ് പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പാക്കും. അതുപോലെതന്നെ കുട്ടനാട്ടിൽ അടുത്ത കൃഷിക്ക്മുമ്പ് ഷട്ടറുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതാണ്. ഒറ്റയടിക്ക് എല്ലാം നേരെയാക്കാൻ സാധിക്കില്ല. പത്തിരുപത് വർഷമായിട്ട് മെയിന്റനൻസ് നടത്താതെ കിടക്കുകയാണ്. കുട്ടനാട്ടിലെ കൃഷിക്കാരുടെ കാര്യത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ ഗവൺമെന്റ് നടപടി സ്വീകരിക്കും. കുട്ടനാട്ടിലെ കൃഷിക്കാരുടെ കണ്ണീരൊപ്പുന്നതിനുവേണ്ടി, അവരുടെ ആശങ്കയകറ്റുന്നതിനുവേണ്ടി ഗവൺമെന്റ് യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ ഈ വർഷം സ്വീകരിക്കുന്നതാണ്.

(2) ഇ-ഗവേണൻസ് പ്രോഗ്രാം നടപ്പാക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള ക്വാളിഫൈയിംഗ് നോംസ് ലഘൂകരിച്ച് സംസ്ഥാനത്തെ ഐ. ടി. കമ്പനികൾക്ക് കൂടി പങ്കാളിത്തം നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. അടൂർ പ്രകാശ്: കേരളത്തിൽ ഐ.ടി. വ്യവസായ രംഗത്ത് നിലനിൽക്കുന്ന, കമ്പനികൾ നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാനും അതിനുള്ള പരിഹാരം കാണുവാനും വേണ്ടിയാണ് ഈ വിഷയം ഞാനിവിടെ അവതരിപ്പിക്കുന്നത്. 2001 ഡിസംബറിൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇവിടെ ഐ. ടി. പോളിസി പ്രഖ്യാപിക്കുകയുണ്ടായി. ഐ. ടി. പോളിസി പ്രഖ്യാപനത്തോടെ കേരളത്തിൽ നിരവധി ഐ. ടി. കമ്പനികൾ നിലവിൽ വന്നു. ഇവിടെ മുതൽമുടക്കുന്ന ഐ.ടി. കമ്പനികൾക്ക് പ്രോൽസാഹനങ്ങളും നിക്ഷേപത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നൽകുവാൻ Investment Promotion and Management Cell രൂപീകരിച്ചിട്ടുണ്ട്. 2002-2003-ൽ 90 കമ്പനികൾ ഐ.പി.എം.സി.-ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിക്ഷേപകർക്കാവശ്യമായ ക്ലിയറൻസ് അനുവദിക്കുന്നതിനും വിവിധതലങ്ങളിൽ ആവശ്യമായ സാങ്കേതിക

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശങ്ങൾ ലഭിക്കുന്നതിനുമായി സർക്കാരുമായി ചേർന്ന് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നുണ്ട്. ഐ. ടി. നയത്തിന്റെ ഭാഗമായി ഏതാണ്ട് 180 ലക്ഷം രൂപ ഐ. ടി. വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി നൽകിയിട്ടുണ്ട്.

10.00 a.m.] ഇതൊക്കെ ഇക്കണോമിക് റിവ്യൂവിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളാണ്. എന്നാൽ സംസ്ഥാന സർക്കാർ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. വിവിധ ഡിപ്പാർട്ടുമെന്റുകളിലായി 500 കോടി രൂപയിലധികം ചെലവഴിച്ചുകൊണ്ട് 'ഇ-ഗവേണൻസ് പദ്ധതി' നടപ്പിലാക്കുന്നതിനുള്ള ആലോചനകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. സിവിൽ സപ്ലൈസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, ലാന്റ് റിക്കാർഡ്സ്, ലാന്റ് രജിസ്ട്രേഷൻ, കെ.എസ്.ഇ.ബി., സെക്രട്ടേറിയറ്റ് എന്നീ ഡിപ്പാർട്ടുമെന്റുകളിൽ 'ഇ-ഗവേണൻസ് പ്രോഗ്രാം' നടപ്പാക്കുന്നതിന് കമ്പനികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തിയിരിക്കുകയാണ്. കേരളത്തിൽ ഐ. ടി. വ്യവസായത്തിന് ഏറെ പ്രോത്സാഹനം നൽകുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചതുകൊണ്ട് നിരവധി കമ്പനികൾ ഇവിടെ വന്നിട്ടുണ്ട്. ആർക്കും വേണ്ടി വാദിക്കുകയല്ല—എന്നാൽ ഗവൺമെന്റ് തന്നെ നടപ്പിലാക്കുന്ന പദ്ധതികളിൽ കേരളത്തിലെ കമ്പനികൾക്ക് പങ്കാളികളാകുവാൻ അവസരം നൽകാതിരിക്കുന്നതും ന്യായമാണോ എന്ന് അങ്ങ് പരിശോധിക്കണം. കഴിഞ്ഞ ദിവസങ്ങളിൽ പത്ര വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. 11-7-2004-ൽ 'ഹിന്ദു' പത്രത്തിൽ സ്പെഷ്യൽ കറസ്പോണ്ടന്റിന്റെ ഒരു റിപ്പോർട്ട് ഉണ്ടായിരുന്നു. State IT firms losing out to big place. അതുപോലെ തന്നെ 'മംഗളം' പത്രത്തിൽ ഇന്നലെ ഒരു വാർത്ത വന്നു. 'ഇ-ഗവേണൻസ് പദ്ധതിക്ക്' ചെലവേറും, കേരളത്തിലെ കമ്പനികൾ നോക്കുകുത്തികൾ' ആർ. സുരേഷിന്റെ റിപ്പോർട്ടാണ് വന്നിരിക്കുന്നത്. 'ഇ-ഗവേണൻസ് പദ്ധതി' നടപ്പാക്കുമ്പോൾ അതിന് ചില നിബന്ധനകളൊക്കെ വച്ചിട്ടുണ്ട്. 1-5-2004-ൽ ഗവൺമെന്റിനുവേണ്ടി ഐ. ടി. ഡിപ്പാർട്ടുമെന്റ് ഒരു ക്വൊട്ടേഷൻ വിളിച്ചു Government of Kerala, Information Technology Department. Bids invited from Software Service Providers. The Director, Kerala State IT Mission on behalf of the Government of Kerala invites bids from Potential Software Service Providers for implementation of a comprehensive Secretariat Information System at the Government of Kerala Secretariat in Thiruvananthapuram. അതിന്റെ ഒരു ടെൻഡർ ഡോക്യുമെന്റുമായി ബന്ധപ്പെട്ടുകൊണ്ട് അതിന്റെ നിബന്ധനകൾ എന്തെല്ലാമാണെന്ന് അറിയുന്നതിനു വേണ്ടി ഞാൻ ഡിപ്പാർട്ടുമെന്റിൽ നിന്ന് അത് എടുക്കുകയുണ്ടായി. അതിൽ Pre Qualification of SSPs. അതിൽ പറഞ്ഞിരിക്കുന്നത് (1) SSP should be a Company registered in India and in operation for at least five years as on 31st March, 2004. നമ്മൾ ഐ.ടി. പോളിസി പ്രഖ്യാപിച്ചതുതന്നെ ഡിസംബർ 2001-നാണ്. അതിനുശേഷം കടന്നു വന്നിരിക്കുന്ന നിരവധി കമ്പനികൾ കേരളത്തിലുണ്ട്. കേരളത്തിലേയ്ക്ക് കടന്നു വന്ന നിരവധി കമ്പനികൾ മുതൽ

LIBRARY ARCHIVES Kerala Legislative Assembly

മുടക്കുമായി ഇവിടെ വ്യവസായം നടത്തിക്കൊണ്ടിരിക്കുന്ന ആർക്കെങ്കിലും അതിൽ പങ്കാളിയാകാൻ കഴിയുമോ? ആദ്യത്തെ നിബന്ധന അതാണ്. ഈ നിബന്ധന പ്രകാരം ആർക്കും കടന്നു വരാൻ കഴിയാതെ പോകുന്നു (2) A cumulative turn over exceeding ₹ 20 crores p.a. over the preceding 3 years in IT consultancy and software development of which at least 10% would be on account of work on public system. ഇതിലെല്ലാം ഉപരിയായി അഞ്ചാമത് ഒരു നിബന്ധന പറഞ്ഞിരിക്കുകയാണ്. A significant presence in Kerala with at least 50 Software professionals already employed in Kerala during the last two financial years.അല്ലെങ്കിൽ മറ്റൊരു നിബന്ധന Specific assurance to be given in writing by the Chief Executive of the Organization that the Organization would start a Software Development Centre in Kerala employing a minimum of 50 persons within three months of getting selected for undertaking this project and that the Centre would continue to operate at least during the implementation period of the project. ഇതിൽ പറഞ്ഞിരിക്കുന്നപ്രകാരം വൻകിട കമ്പനികൾക്കു മാത്രം കടന്നു വരാൻ കഴിയുന്ന ഒരു സാഹചര്യമാണ് ഈ ഡോക്യുമെന്റ് പ്രകാരം ഒരുക്കിയിരിക്കുന്നത്. നമ്മൾ അത് പരിശോധിക്കണം. അതുപോലെ തന്നെ ആന്ധ്രാപ്രദേശിൽ Implementing the Information Technology Revolution in Andhra Pradesh. അവിടെ ഇത്തരം കാര്യങ്ങൾ നടപ്പാക്കുമ്പോൾ General Eligibility Registration of Vendors shall be opened to firms located in Hyderabad or having Registered Office in Hyderabad at least for more than 12 months from the date of publication of notice inviting proposal and are eligible to do business under relevant Indian Laws as are in force from time to time. അതുപോലെ സ്പെസിഫിക് ക്വാളിഫിക്കേഷൻ, ആന്ധ്രാപ്രദേശിൽ പറഞ്ഞിരിക്കുന്നതാണ് The vendor should be a manufacturer or authorized representative of a manufacturer and should be in business of a manufacturer supply and maintenance of the offered item, service for a minimum period of one year in Hyderabad. ഇതൊക്കെ കാണിക്കുന്നത് ആന്ധ്രാപ്രദേശിൽ പ്രോത്സാഹനം കൊടുക്കുവാൻവേണ്ടി അവർ വച്ചിരിക്കുന്ന നിബന്ധനകളാണ്. അവിടെ ഇത്തരത്തിൽ ഒരു ടെൻഡർ ക്ഷണിച്ചാൽ അതിന് നാലുകോടി രൂപ മൊത്തം അവരുടെ ടേൺ ഓവർ കാണിച്ചാൽ മതി. ഇവിടെ 20 കോടി രൂപയുടെ ടേൺഓവർ ഒരു വർഷം കാണിക്കണം. തുടർന്ന് ഇതിന്റെ പുറകോട്ടുള്ള വർഷങ്ങളിൽ വീണ്ടും 20 കോടി, 20 കോടി ആകുമ്പോൾ 60 കോടി രൂപയുടെ ടേൺഓവർ ഉള്ള കമ്പനിക്ക് മാത്രമേ ഇതിൽ പങ്കാളിയാകാൻ കഴിയുന്നുള്ളു. അതുകൊണ്ട് കേരളത്തിലേയ്ക്ക് കടന്നു വന്നിരിക്കുന്ന അല്ലെങ്കിൽ കേരളത്തിൽ പണം മുടക്കി ഐ. ടി. വ്യവസായ രംഗത്ത് നിൽക്കുന്ന ചെറുകിട കമ്പനികളുണ്ട്. നമ്മുടെ ഇക്കണോമിക് റിവ്യൂ തന്നെ പറഞ്ഞിരിക്കുന്ന ഒരു കാര്യമുണ്ട്. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സോഫ്റ്റ് വെയർ കയറ്റുമതി രംഗത്ത് തെക്കൻ സംസ്ഥാനങ്ങളാണ് ഏറ്റവും കൂടുതൽ മുൻപന്തിയിൽ വന്നിട്ടുള്ളത്. അതിൽ തെക്കൻ സംസ്ഥാനങ്ങൾ എന്നു പറയുമ്പോൾ കർണ്ണാടകത്തിൽ 14,100 കോടി രൂപയുടെ കയറ്റുമതിയാണ് സോഫ്റ്റ് വെയർ രംഗത്ത് ചെയ്തിട്ടുള്ളത്. അത് തമിഴ്നാട്ടിൽ 7,500 കോടി രൂപ, ആന്ധ്രാപ്രദേശിൽ 4,100 കോടി രൂപ. പക്ഷേ കേരളത്തിന്റെ സ്ഥിതി എന്താണെന്ന് അറിയാമോ? 185 കോടി രൂപ മാത്രമാണ് നമ്മൾ ഇവിടെ പ്രോത്സാഹനം കൊടുക്കുമെന്ന് പറയുകയും ആ പ്രോത്സാഹനം കൊടുക്കേണ്ട അവസരത്തിൽ നമ്മുടെ സംസ്ഥാന സർക്കാർ തന്നെ നടപ്പാക്കുന്ന പദ്ധതികളിൽ ഇവിടെ മുതൽ മുടക്കുന്ന ആളുകൾക്ക് പങ്കാളിത്തം ഇല്ലാതെ വരുന്ന സാഹചര്യത്തിന് വഴിയൊരുക്കുകയും ചെയ്യുന്നത് ശരിയാണോ എന്ന് അങ്ങ് തന്നെ പരിശോധിക്കണമെന്നാണ് എനിക്ക് ഇവിടെ പറയാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രി അതേക്കുറിച്ച് ആലോചിക്കണം. ഈ കാര്യത്തിൽ ഒരു പരിശോധന നടത്തിക്കൊണ്ട് അങ്ങ് അറിഞ്ഞുകൊണ്ട് നടത്തിയ കാര്യമാണ് എന്ന് ഞാൻ പറയുന്നില്ല—ഇപ്പോൾ വച്ചിരിക്കുന്ന നിബന്ധനകൾ പ്രകാരം കേരളത്തിലേയ്ക്ക് ഇനിയും കൂടുതൽ ആളുകൾ കടന്നുവരാനും ഇവിടെയുള്ള ആളുകൾക്ക് പ്രോത്സാഹനം കൊടുക്കുവാനും കഴിയണം. പ്രാദേശിക വാദമല്ല ഇവിടെ പറയുന്നത്. ഇനിയും കൂടുതൽ ആളുകൾ മുതൽമുടക്കുന്നതിനുമുള്ള സാഹചര്യം ഉള്ളപ്പോൾ ആ സാഹചര്യം വിനിയോഗിക്കുവാൻ കഴിയുമെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞെങ്കിൽ മാത്രമേ ഈ വ്യവസായം നമുക്ക് ഇവിടെ നിലനിർത്തിക്കൊണ്ട് പോകാൻ സാധിക്കുകയുള്ളൂ. അതല്ലെങ്കിൽ കേരളത്തിൽ ഇപ്പോഴുള്ള പൊതുമേഖലാ സ്ഥാപനങ്ങളും അടച്ചുപൂട്ടേണ്ട അവസ്ഥാവിശേഷം ഉണ്ടായിക്കൊണ്ടിരിക്കും എന്നുള്ളത് നമുക്കെല്ലാവർക്കും അറിയാം. നമുക്ക് പ്രോത്സാഹനം കൊടുക്കേണ്ട ഇടങ്ങളിൽ അത് കൊടുക്കാൻ കഴിയാതെ പോകുന്നു എന്നുള്ളതുകൊണ്ടാണ് നമ്മുടെ കേരളത്തിലെ പല പൊതുമേഖലാ സ്ഥാപനങ്ങളും അടച്ചു പൂട്ടേണ്ടതായി വരുന്നത്. ആ ഗതികേട് ഐ.ടി. പോളിസി നടപ്പാക്കുന്ന ഈ രംഗത്ത് ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതികളിൽ കേരളത്തിലെ ചെറുകിട ഐ.ടി. വ്യവസായ രംഗത്ത് നിൽക്കുന്നവർക്ക് പ്രോത്സാഹനം കൊടുക്കുവാൻ തയ്യാറാകണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പ്രധാനപ്പെട്ട വകുപ്പുകളായ സെക്രട്ടേറിയറ്റ്, റവന്യൂ, ഫിനാൻസ്, തുടങ്ങിയ പല ഡിപ്പാർട്ടുമെന്റുകളും നടപ്പാക്കിയിട്ടുള്ള ഇ-ഗവേണൻസ് പദ്ധതിയിൽ ഇവിടെയുള്ള ചെറുകിട വ്യവസായങ്ങൾക്ക് പങ്കെടുക്കാൻ അവസരം കൊടുക്കണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. ഇതൊക്കെ ഓരോ സംസ്ഥാനത്തും ചെയ്തിട്ടുള്ള മാതൃകകൾ നോക്കിയാണ് ചെയ്യുന്നത്. ഇതിനു വേണ്ടി ചീഫ് സെക്രട്ടറിയും ഫാലഞ്ചു ഡിപ്പാർട്ടുമെന്റിലെ സെക്രട്ടറിമാരും അടങ്ങിയ കമ്മറ്റിയുണ്ട്. ആവശ്യമുള്ള നിബന്ധനകളൊക്കെ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആന്ധ്രാപ്രദേശ്, കർണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലൊക്കെ .....ഇത് ധാരാളം ആളുകളെ ബാധിക്കുന്ന വിഷയമാണ്. പരിചയവും, കഴിവും വളരെ വലിയ സാങ്കേതിക വിദ്യയും ആവശ്യമുള്ളതാണ്. ഇവിടെയുള്ള ചെറുകിട കമ്പനികൾക്കുകൂടെ കിട്ടണമെന്നു പറഞ്ഞാൽ അതിൽ ചില പ്രാക്ടിക്കലായിട്ടുള്ള ബുദ്ധിമുട്ടുവരും. അതുകൊണ്ട് ഈ കാര്യങ്ങളെക്കുറിച്ച് എന്തെങ്കിലും പ്രോൽസാഹനം കൊടുക്കാൻ പറ്റുമെങ്കിൽ മറ്റുള്ളതൊക്കെ നോക്കി ചെയ്യാൻ ഗവണ്മെന്റ് തയ്യാറാണ്. അതേ അവസരത്തിൽ ഈ പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുക്കണം. ഇ-ഗവേണൻസ് എന്നു പറഞ്ഞാൽ വളരെ കോംപ്ലിക്കേറ്റഡായിട്ടുള്ള വിഷയമാണ്. വളരെയധികം സാങ്കേതിക ട്രെയിനിംഗും ബാക്കിയുള്ളതുമൊക്കെ ഉൾക്കൊള്ളേണ്ട വിഷയമാണ്. അതുകൊണ്ട് രണ്ട് പ്രശ്നങ്ങളുണ്ട്. പ്രോൽസാഹനം കൊടുക്കണം. ഇവിടെ നിക്ഷേപിക്കാൻ വരുന്നവർക്ക് പ്രോൽസാഹനം കൊടുക്കുമെന്ന് പോളിസിയിൽ തന്നെ പറഞ്ഞിട്ടുണ്ട്. അതേ അവസരത്തിൽ ഇതിനുള്ള സാങ്കേതിക കഴിവും സാമ്പത്തിക കഴിവും എക്സ്പെൻസുമൊക്കെയുള്ള ആളുകളെ ഏൽപ്പിച്ചില്ലായെങ്കിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ വരികയും ചെയ്യും. ഇ-ഗവേണൻസ് എന്നു പറഞ്ഞാൽ പ്രധാനപ്പെട്ട വിഷയമാണ്. അതുകൊണ്ട് ചെറുകിട കമ്പനികൾക്ക് കിട്ടണം. അതേ അവസരത്തിൽ സംഗതി നടക്കുകയും വേണം. ആ തരത്തിൽ ഈ കാര്യത്തെ നമുക്ക് നോക്കിക്കാണാം. ഇവിടെ ഉന്നയിച്ച വിഷയത്തിൽ എന്തെങ്കിലും ഗവണ്മെന്റിന് ഇടപെടാനുണ്ടെങ്കിൽ ഇടപെട്ട് വേണ്ടത് ചെയ്യാം.

ശ്രീ. അടൂർ പ്രകാശ്: ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇതിന് മറുപടി പറഞ്ഞപ്പോൾ മറ്റ് സംസ്ഥാനങ്ങളിലൊക്കെ നടപ്പാക്കിയതിനെക്കുറിച്ച് പഠനം നടത്തിയശേഷമാണ് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതെന്ന് പറഞ്ഞു. ഞാനിവിടെ എടുത്തുപറയുന്നത് ഇ-മെയിൽ മുഖാന്തിരം എടുക്കാൻ കഴിഞ്ഞിട്ടുള്ളതാണ്. ആന്ധ്രായിൽ കട്ടേഷൻ ക്ഷണിച്ചതിൽ അവിടെ വച്ചിരിക്കുന്ന നിബന്ധന ഞാൻ പ്രത്യേകമായി എടുത്തു പറഞ്ഞു. ഇവിടെ 20 കോടി രൂപ ഒരു വർഷക്കാലത്തേയ്ക്ക് ടേൺഓവർ വേണമെന്ന് പറയുന്ന സ്ഥലത്ത് ആന്ധ്രായിൽ 4 കോടി രൂപ മാത്രമാണ് ചോദിച്ചിട്ടുള്ളത്. അത്തരത്തിൽ വലിയ നിബന്ധനകൾ കേരളത്തിൽ വ്യവസായങ്ങൾക്ക് കടന്നുവരാൻ കഴിയാത്ത തരത്തിലുള്ള നിബന്ധനകൾ ഉണ്ടാക്കിവച്ചുകൊണ്ട് അവർക്ക് പ്രോൽസാഹനം കൊടുക്കാതിരിക്കുന്നു എന്നതാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയത്. എനിക്ക് ചോദിക്കാനുള്ളത് ഇപ്പോൾ ഉള്ള നിബന്ധനകൾ ഇളവു ചെയ്ത് സർക്കാരിന്റെ ഇ-ഗവേണൻസ് പ്രോഗ്രാം നടപ്പാക്കുമ്പോൾ കേരളത്തിലുള്ള കമ്പനികൾക്ക് പങ്കാളിത്തം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: മറ്റ് സംസ്ഥാനങ്ങളൊക്കെ എങ്ങനെയാണ് ചെയ്തിരിക്കുന്നത് എന്ന് വിശദമായി ഒന്നുകൂടി പരിശോധിക്കാം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സ്ഥിതിക്ക് ഒന്നുകൂടി പരിശോധിക്കാൻ ഗവണ്മെന്റ് തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly